FOR MORE VISIT www.pusthakam360.blogspot.com

# ശബ്ദതരംഗങ്ങൾ

തുലനസ്ഥാനത്തു നിന്ന് ഒരു വശത്തേക്കുള്ള പരമാവധി സ്ഥാനാന്തരത്തിന്റെ അളവാണ് ആയതി (Amplitude). ആയതി a എന്ന അക്ഷരം കൊണ്ട് സൂചിപ്പിക്കുന്നു. ആയതിയുടെ SI യൂണിറ്റ് മീറ്റർ (m) ആകുന്നു.

ഒരു ദോലനത്തിന് ആവശ്യമായ സമയത്തെ പീരിയഡ് (Period) എന്നു പറയുന്നു. ഇത് T എന്ന അക്ഷരം കൊണ്ട് സൂചിപ്പിക്കുന്നു. പീരിയഡ് അളക്കുന്നത് സെക്കന്റ് (s) എന്ന യൂണിറ്റ് ഉപയോഗിച്ചാണ്.

ഒരു സെക്കൻഡിൽ ഉണ്ടാകുന്ന ദോലനങ്ങളുടെ എണ്ണമാണ് ആവൃത്തി (Frequency). ആവൃത്തിയുടെ SI യൂണിറ്റാണ് ഹെട്സ് (Hz). ആവൃത്തി സൂചിപ്പിക്കുന്നത് f എന്ന അക്ഷരം കൊണ്ടാണ്.

$$\text{ആവൃത്തി } (f) = \frac{1}{\text{പീരിയഡ് } (T)}$$

പീരിയഡ് കൂടുമ്പോൾ ആവൃത്തി കുറയുന്നു.

ഒരു വസ്തുവിനെ സ്വതന്ത്രമായി കമ്പനം ചെയ്യിച്ചാൽ അത് അതിന്റെ തനതായ ആവൃത്തിയിൽ ആയിരിക്കും കമ്പനം ചെയ്യുന്നത്. ഈ ആവൃത്തിയാണ് ആ വസ്തുവിന്റെ സ്വാഭാവിക ആവൃത്തി (Natural frequency).

ഒരു വസ്തുവിന്റെ സ്വാഭാവിക ആവൃത്തിയെ സ്വാധീനിക്കുന്ന ഘടകങ്ങളാണ് :

- വസ്തുവിന്റെ നീളം
- വലുപ്പം
- ഇലാസ്തികത
- പദാർഥത്തിന്റെ സ്വഭാവം തുടങ്ങിയവ.

FOR MORE VISIT www.pusthakam360.blogspot.com

**പെൻഡുലത്തിന്റെ നീളം കൂടിയാൽ ആവൃത്തി കുറയുന്നു**

കമ്പനം ചെയ്യുന്ന വസ്തുവിന്റെ പ്രേരണം മൂലം മറ്റൊരു വസ്തു കമ്പനം ചെയ്യുന്നതാണ് പ്രണോദിത കമ്പനം (Forced vibration).

പ്രണോദിത കമ്പനത്തിന് വിധേയമാകുന്ന വസ്തുവിന്റെ സ്വാഭാവിക ആവൃത്തിയും പ്രേരണം ചെലുത്തുന്ന വസ്തുവിന്റെ സ്വാഭാവിക ആവൃത്തിയും തുല്യമായാൽ ആ വസ്തുക്കൾ അനുനാദ (Resonance) ത്തിലാണെന്ന് പറയാം.

**പ്രണോദിത കമ്പനവും അനുനാദവും പ്രയോജനപ്പെടുത്തിയിരിക്കുന്ന സന്ദർഭങ്ങൾ.**

- MRI സ്കാനിങ്ങിൽ
- റേഡിയോ ട്യൂണിങ്ങിന്
- ഗിറ്റാർ, വയലിൻ, വീണ, ഹാർമോണിയം, മൃദംഗം തുടങ്ങിയ സംഗീതോപകരണങ്ങളിൽ.

**ഒരു സിമ്പിൾ പെൻഡുലത്തിന്റെ ആവൃത്തി 1 Hz ആണ്. അതിന്റെ പീരിയഡ് എത്രയാണ്?**

T=1/f 1/1Hz=1sec

**ഒരു പെൻഡുലം ഒരു ദോലനം പൂർത്തിയാക്കാൻ 0.5 s എടുക്കുന്നുവെങ്കിൽ അതിന്റെ ആവൃത്തി എത്ര?**

f=1/T 1/0.5 = 2Hz

**512 Hz ആവൃത്തിയുള്ള ഒരു ട്യൂണിങ് ഫോർക്ക് ഉത്തേജിപ്പിച്ച് അതിന്റെ തണ്ട് മേശമേൽ അമർത്തി വയ്ക്കുന്നു. ഈ അവസരത്തിൽ മേശ കമ്പനം ചെയ്യുമോ? ഈ പ്രതിഭാസം ഏതു പേരിൽ അറിയപ്പെടുന്നു?**

**ചെയ്യും ,പ്രണോദിത കമ്പനം**

FOR MORE VISIT www.pusthakam360.blogspot.com

| പ്രേഷണത്തിന് മാധ്യമം ആവശ്യമുള്ളവ | പ്രേഷണത്തിന് മാധ്യമം ആവശ്യമില്ലാത്തവ |
|---|---|
| • സീസ്മിക് തരംഗം<br>• ശബ്ദതരംഗം<br>ജലതരംഗം | • റേഡിയോ തരംഗം<br>• മൈക്രോവേവ്<br>ഇൻഫ്രാറെഡ് |

മാധ്യമത്തിലെ കണികകൾ തരംഗത്തിന്റെ പ്രേഷണദിശയ്ക്ക് സമാന്തരമായി കമ്പനം ചെയ്യുന്ന തരംഗങ്ങളാണ് അനുദൈർഘ്യതരംഗങ്ങൾ.

മാധ്യമത്തിലെ കണികകൾ തരംഗത്തിന്റെ പ്രേഷണദിശയ്ക്ക് ലംബമായി കമ്പനം ചെയ്യുന്ന തരംഗങ്ങളാണ് അനുപ്രസ്ഥതരംഗങ്ങൾ.

? അനുപ്രസ്ഥതരംഗം, അനുദൈർഘ്യതരംഗം എന്നിവയുമായി ബന്ധപ്പെട്ട ചില പ്രത്യേകതകൾ ചുവടെ നൽകിയിരിക്കുന്നു. അവയെ തരംതിരിച്ച് പട്ടിക പൂർത്തിയാക്കുക.

- തരംഗത്തിന്റെ പ്രേഷണദിശയ്ക്ക് ലംബമായി മാധ്യമത്തിലെ കണികകൾ കമ്പനം ചെയ്യുന്നു. **അനുപ്രസ്ഥ തരംഗം**
- ഉച്ചമർദമേഖലകളും നീചമർദമേഖലകളും ഉണ്ടാകുന്നു. **അനുദൈർഘ്യ തരംഗം**
- മാധ്യമത്തിൽ മർദവ്യതിയാനങ്ങൾ ഉണ്ടാകുന്നു. **അനുദൈർഘ്യ തരംഗം**
- ശൃംഗങ്ങളും ഗർത്തങ്ങളും ഉണ്ടാകുന്നു. **അനുപ്രസ്ഥ തരംഗം**
- തരംഗത്തിന്റെ പ്രേഷണദിശയ്ക്ക് സമാന്തരമായി മാധ്യമത്തിലെ കണികകൾ കമ്പനം ചെയ്യുന്നു. **അനുദൈർഘ്യ തരംഗം**
- മാധ്യമത്തിൽ മർദവ്യതിയാനങ്ങൾ ഉണ്ടാകുന്നില്ല. **അനുപ്രസ്ഥ തരംഗം**

FOR MORE VISIT www.pusthakam360.blogspot.com

## തരംഗങ്ങളുടെ സവിശേഷതകൾ (Characteristics of Waves)

തരംഗങ്ങളുടെ പ്രധാന സവിശേഷതകളാണ് :

- ആയതി
- ആവൃത്തി
- പീരിയഡ്
- തരംഗദൈർഘ്യം
- തരംഗവേഗം

എന്നിവ.

## ആവൃത്തി (Frequency)

ഒരു ബിന്ദുവിലൂടെ ഒരു സെക്കന്റിൽ കടന്നു പോകുന്ന സൈക്കിളുകളുടെ എണ്ണമാണല്ലോ തരംഗത്തിന്റെ ആവൃത്തി.

## തരംഗദൈർഘ്യം (Wavelength)

അടുത്തടുത്ത രണ്ട ശൃംഗങ്ങളോ ഗർത്തങ്ങളോ തമ്മിലുള്ള അകലമാണ് .

തരംഗദൈർഘ്യത്തെ സൂചിപ്പിക്കാൻ ലാംഡ (λ) എന്ന ഗ്രീക്ക് അക്ഷരം ഉപയോഗിക്കുന്നു. തരംഗദൈർഘ്യത്തിന്റെ യൂണിറ്റ് മീറ്റർ (m) ആണ്.

വേഗം സ്ഥിരമായിരിക്കുമ്പോൾ തരംഗത്തിന്റെ ആവൃത്തി തരംഗദൈർഘ്യത്തിന് വിപരീതാനുപാതത്തിൽ ആയിരിക്കും. $f \propto \frac{1}{\lambda}$

തരംഗവേഗം = ആവൃത്തി × തരംഗദൈർഘ്യം

അതായത്, $v = f\lambda$

തരംഗത്തിലെ കണികകളുടെ ഒരു പ്രത്യേക സമയത്തെ അവസ്ഥയാണ് ചിത്രീകരിച്ചിരിക്കുന്നത്.




ചിത്രം 1.16

a) ചിത്രത്തിൽ എത്ര ശൃംഗങ്ങൾ ഉണ്ട്? **3**

b) എത്ര ഗർത്തങ്ങൾ ഉണ്ട്? **3**

c) തരംഗദൈർഘ്യം എത്ര? **8m**

FOR MORE VISIT www.pusthakam360.blogspot.com

വായുവിൽ 350 m/s വേഗത്തിൽ സഞ്ചരിക്കുന്ന ഒരു അനുദൈർഘ്യ തരംഗത്തിന്റെ ആവൃത്തി 35 Hz എങ്കിൽ

a) ഈ തരംഗത്തിന്റെ അടുത്തടുത്ത രണ്ട് ഉച്ചമർദമേഖലകൾ തമ്മിലുള്ള അകലം എത്രയാണ്? $\lambda = v/f$ 350/35=10m

b) അടുത്തടുത്ത രണ്ട് നീചമർദമേഖലകൾ തമ്മിലുള്ള അകലമോ? 10m

175 Hz ആവൃത്തിയുള്ള ശബ്ദതരംഗത്തിന്റെ തരംഗദൈർഘ്യം 2 m ആണ്. ശബ്ദവേഗം കണക്കാക്കുക. $v = f\lambda$ 175x2=350m/s

മിനുസമുള്ള പ്രതലങ്ങൾ പരുപരുത്ത പ്രതലങ്ങളെ അപേക്ഷിച്ച് ശബ്ദത്തെ നന്നായി പ്രതിപതിപ്പിക്കും.

ആദ്യശബ്ദം ശ്രവിച്ചതിനു ശേഷം അതേ ശബ്ദം പ്രതിപതിച്ച് വീണ്ടും കേൾക്കുന്നതാണ് പ്രതിധ്വനി.

പ്രതിധ്വനി കേൾക്കണമെങ്കിൽ പ്രതിപതനതലം ചുരുങ്ങിയത് 35 m ന്റെ പകുതിയായ 17.5 m അകലെ ആയിരിക്കണം. പ്രതിപതനതലം 17.5 m ൽ കൂടുതലാണെങ്കിൽ അതേ ശബ്ദം വീണ്ടും വേർതിരിച്ച് കേൾക്കാൻ സാധിക്കുമെന്ന് മനസ്സിലായല്ലോ.

ജലത്തിനുള്ളിൽ വച്ച് പ്രതിധ്വനി കേൾക്കണമെങ്കിൽ സ്രോതസ്സും പ്രതിപതനതലവും തമ്മിൽ ചുരുങ്ങിയത് എത്ര അകലം ഉണ്ടായിരിക്കണം? (ജലത്തിൽ ശബ്ദവേഗം = 1480 m/s എന്ന് പരിഗണിക്കുക)

d=vxt =1480x0.1=148m ans=74m

ഒരു ശബ്ദമുണ്ടായതിനു ശേഷം ആവർത്തനപ്രതിപതനത്തിന്റെ ഫലമായി ഉണ്ടാകുന്നതും മെല്ലെ കുറയുന്നതുമായ മുഴക്കമാണ് അനുരണനം.

FOR MORE VISIT www.pusthakam360.blogspot.com

## ശ്രവണ പരിധി (Limits of audibility) -----20Hz.......20000Hz

## അൾട്രാസോണിക് തരംഗങ്ങൾ കൊണ്ടുള്ള ഉപയോഗങ്ങൾ

വൈദ്യശാസ്ത്രരംഗത്ത് രോഗനിർണ്ണയത്തിനും ചികിത്സക്കും അൾട്രാസോണിക് തരംഗങ്ങൾ ഉപയോഗിക്കുന്നുണ്ട്.

- വൃക്കയിലെ ചെറിയ കല്ലുകൾ പൊടിച്ചു കളയാൻ.
- ഫിസിയോതെറാപ്പിയിൽ
- വൃക്ക, കരൾ, പിത്തസഞ്ചി, ഗർഭപാത്രം തുടങ്ങിയ ആന്തരിക അവയവങ്ങളുടെ പ്രതിബിംബം രൂപപ്പെടുത്താൻ.

ജലോപരിതലത്തിലുള്ള ഒരു കപ്പലിലെ സോണാറിന്റെ ട്രാൻസ്മിറ്ററിൽ നിന്ന് പുറപ്പെടുന്ന അൾട്രാസോണിക് തരംഗം കടലിന്റെ അടിത്തട്ടിലുള്ള പാറക്കെട്ടിൽ തട്ടി 0.2 s സമയത്തിനു ശേഷം തിരിച്ചെത്തുന്നു എങ്കിൽ കപ്പലിൽ നിന്ന് പാറക്കെട്ടിലേക്കുള്ള അകലം എത്ര? അൾട്രാസോണിക് തരംഗങ്ങളുടെ കടൽജലത്തിലെ വേഗം 1522 m/s ആയി പരിഗണിക്കുക.

$d = v \times t$ $\quad\quad 1522 \times 0.2 = 304.4$m

ans=152.2m

### വിലയിരുത്താം

1. ചുവടെ നൽകിയ പ്രസ്താവനകളിൽ ശരിയായത് ഏത്?

a) ശബ്ദവും പ്രകാശവും അനുപ്രസ്ഥതരംഗങ്ങളാണ്.

b) ശബ്ദവും പ്രകാശവും അനുദൈർഘ്യതരംഗങ്ങളാണ്.

c) ശബ്ദം അനുദൈർഘ്യതരംഗവും പ്രകാശം അനുപ്രസ്ഥതരംഗവുമാണ്. ✓

d) ശബ്ദം അനുപ്രസ്ഥതരംഗവും പ്രകാശം അനുദൈർഘ്യതരംഗവുമാണ്.

FOR MORE VISIT www.pusthakam360.blogspot.com

2. വവ്വാലിന് കേൾക്കാൻ കഴിയുന്ന ശബ്ദത്തിന്റെ ഉച്ചപരിധി 120 kHz ആണ്. എങ്കിൽ പരമാവധി എത്ര തരംഗദൈർഘ്യമുള്ള ശബ്ദം വരെ അതിനു കേൾക്കാൻ സാധിക്കും? ശബ്ദവേഗം 350 m/s എന്ന് പരിഗണിക്കുക.

$\lambda = v/f$ 350/120000=0.00029m

3. 3.2 m/s വേഗത്തിൽ സഞ്ചരിക്കുന്ന രണ്ട് തരംഗങ്ങളുടെ ഗ്രാഫിക ചിത്രീകരണം നൽകിയിരിക്കുന്നു.

a) ഓരോ തരംഗത്തിന്റെയും ആവൃത്തി, പീരിയഡ്, തരംഗദൈർഘ്യം എന്നിവ കണ്ടെത്തി എഴുതുക.



ചിത്രം 1.30 (a)



ചിത്രം 1.30 (b)

ആവൃത്തി ,പീരിയഡ് ,തരംഗദൈർഘ്യം 0.125Hz,8s &25.6m

തരംഗം 2 ---1Hz,1sec & 3.2m.

4. താഴെത്തന്നിരിക്കുന്നവയിൽ ഏത് ആവൃത്തിയിലുള്ള ശബ്ദമാണ് മനുഷ്യന് കേൾക്കാൻ സാധിക്കുന്നത്?

a) 5 Hz b) 2000 Hz c) 200 kHz d) 50 kHz

ans-2000Hz

5. ഒരു തരംഗത്തിന് 2 kHz ആവൃത്തിയും 35 cm തരംഗദൈർഘ്യവും ഉണ്ട്. എങ്കിൽ ഈ തരംഗം 0.5 s ൽ എത്ര ദൂരം സഞ്ചരിക്കും?

$v = f\lambda$ 2000x.35m=700m

d=vxt 700x0.5= 350m

FOR MORE VISIT www.pusthakam360.blogspot.com

6. 0.5 s ൽ 50 ശൃംഗങ്ങളും 50 ഗർത്തങ്ങളും ഉണ്ടാകുന്ന തരംഗത്തിന്റെ ആവൃത്തി എത്ര?

f=number of cycles/time

50/0.5=100Hz

8. ഒരു അനുപ്രസ്ഥതരംഗത്തിന്റെ അടുത്തടുത്ത ഗർത്തങ്ങൾ തമ്മിലുള്ള അകലം 2 m ആണ്. അതിന്റെ വേഗം 20 m/s ആണെങ്കിൽ ആവൃത്തി കണ്ടെത്തുക.

$f=v/\lambda$ =20/2=10Hz

9. ശബ്ദം ഒരു മാധ്യമത്തിലൂടെ പ്രേഷണം ചെയ്യുമ്പോൾ സഞ്ചരിക്കുന്നത് ............ (മാധ്യമത്തിലെ കണികകൾ / തരംഗം / ശബ്ദസ്രോതസ്സ് / മാധ്യമം)

10. മേശപ്പുറത്ത് ഉറപ്പിച്ച് നിർത്തിയിരിക്കുന്ന ട്യൂണിങ്ഫോർക്കിന്റെ ഇരുഭുജങ്ങൾക്കും സമീപത്തായി ട്യൂണിങ്ഫോർക്കിനെ സ്പർശിക്കുന്ന രീതിയിൽ രണ്ട് പിത്ത്ബോളുകൾ തൂക്കിയിട്ടിരിക്കുന്നു. ഈ സംവിധാനത്തിന്റെ അടുത്തിരുന്ന് ഒരാൾ പിയാനോ വായിക്കുന്നു.

a) ഈ സന്ദർഭത്തിൽ പിത്ത്ബോളുകൾ ചെറുതായി അനങ്ങുന്നു. കാരണം എന്തായിരിക്കും? (പ്രണോദിത കമ്പനം/പ്രതിധ്വനി)

b) പിയാനോയിൽ ചില സ്വരങ്ങൾ വായിക്കുമ്പോൾ പിത്ത്ബോളുകൾ കൂടിയ ആയതിയിൽ തെറിക്കുന്നു. ഇതിന് കാരണമായ പ്രതിഭാസം ഏതാണ്? (അനുരണനം / അനുനാദം)

FOR MORE VISIT www.pusthakam360.blogspot.com

7. ചിത്രം 1.31 (a), (b) എന്നിവയിൽ നൽകിയിരിക്കുന്ന തരംഗങ്ങളെ സംബന്ധിച്ച് വ്യത്യസ്തമായത് ഏത്? (ആവൃത്തി, ആയതി, പീരിയഡ്)




ആവൃത്തി-- തരംഗം1 =0.25Hz

തരംഗം 2 =0.25Hz

ആയതി ---തരംഗം1 =0.05m

തരംഗം 2=0.03m

പീരിയഡ്-- തരംഗം1 =4s

തരംഗം 2 =4s